ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** | പ്രധാനവാർത്തകൾ | **DATE:20.07.2025**

1. **നാളെ ആരംഭിക്കുന്ന, പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് മുന്നോടിയായി കേന്ദ്ര സർക്കാർ വിളിച്ച സർവകക്ഷി യോഗം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു.**

2. **കേന്ദ്രീയ വിദ്യാലയങ്ങളിൽ പാഠപുസ്തകങ്ങൾ ലഭ്യമാക്കാൻ കേന്ദ്ര സർക്കാർ അടിയന്തിരമായി ഇടപെടണമെന്ന് ആവശ്യപ്പെട്ട് മന്ത്രി വി. ശിവൻകുട്ടി**

3. **സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരള തീരത്ത് ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യത, മത്സ്യബന്ധനത്തിന് വിലക്ക്**

4. **പ്രഥമ ചാന്ദ്ര ദൗത്യത്തിന്റെ സ്മരണയിൽ ഇന്ന് അന്താരാഷ്ട്ര ചാന്ദ്രദിനം ആഘോഷിക്കുന്നു.**

5. **കേരള ക്രിക്കറ്റ് ലീഗ് സീസൺ-2 വിന്റെ ഭാഗ്യചിഹ്നങ്ങളുടെ പ്രകാശനം ഇന്ന് തിരുവനന്തപുരത്ത് മന്ത്രി വി. അബ്ദുറഹ്മാൻ നിർവഹിക്കും.**

*************************************

PIU TVPM

## സർവ്വകക്ഷി യോഗം

പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് നാളെ തുടക്കമാകും. സമ്മേളനത്തിന് മുന്നോടിയായി കേന്ദ്ര സർക്കാർ വിളിച്ച സർവകക്ഷി യോഗം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. പാർലമെന്റിന്റെ ഇരുസഭകളുടെയും സുഗമമായ പ്രവർത്തനം ഉറപ്പാക്കാൻ യോഗത്തിൽ സർക്കാർ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സഹകരണം തേടും. വിവിധ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കൾ യോഗത്തിൽ പങ്കെടുക്കുന്നു. കേന്ദ്രമന്ത്രിമാരായ ജെ പി നദ്ദ, കിരൺ റിജിജു, കേന്ദ്ര സഹമന്ത്രിമാരായ അർജുൻ റാം മേഘ്‌വാൾ, എൽ. മുരുകൻ എന്നിവർ യോഗത്തിൽ പങ്കെടുക്കുന്നു. കൂടാതെ, കോൺഗ്രസിൽ നിന്ന് ഗൗരവ് ഗൊഗോയ്, പ്രമോദ് തിവാരി, എൻസിപി-എസ്‌സിപിയിൽ നിന്ന് സുപ്രിയ സുലെ, ഡിഎംകെയിൽ നിന്ന് തിരുച്ചി ശിവ, സമാജ്‌വാദി പാർട്ടിയിൽ നിന്ന് രാം ഗോപാൽ യാദവ്, ഡിഎംകെയിൽ നിന്ന് ടി.ആർ. ബാലു എന്നിവർ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. നാളെ മുതൽ ഓഗസ്റ്റ് 21 വരെ വർഷകാല സമ്മേളനം തുടരും. സമ്മേളനത്തിൽ ഇരുസഭകളുടെയും ആകെ 21 സിറ്റിങ്ങുകൾ ഉണ്ടാകും.

RNU TVPM

***************************

## രാഷ്ട്രപതി - റഫറൻസ്

ബില്ലുകളിന്മേൽ നടപടി എടുക്കാൻ സമയപരിധി നിശ്ചയിച്ചുള്ള സുപ്രീം കോടതി വിധിയുമായി ബന്ധപ്പെട്ട് രാഷ്ട്രപതി ദ്രൗപദി മുർമു നൽകിയ റഫറൻസ് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ബി ആർ ഗവായ് അടങ്ങിയ ഭരണഘടന ബെഞ്ച് ചൊവ്വാഴ്ച പരിഗണിക്കും. പതിനാല് ചോദ്യങ്ങളിൽ വ്യക്തത ആരാഞ്ഞ് ഉള്ളതാണ് രാഷ്ട്രപതിയുടെ റെഫറൻസ്. തമിഴ്നാട് ഗവർണറുമായി ബന്ധപ്പെട്ട കേസിൽ, രാഷ്ട്രപതി, ഗവർണർ

തുടങ്ങിയവർക്ക് ബില്ലുകളിന്മേൽ നടപടി എടുക്കാൻ സമയപരിധി നിശ്ചയിച്ച് സുപ്രീം കോടതി വിധി പുറപ്പെടുവിച്ചിരുന്നു.

***************************

## പാഠപുസ്തക ക്ഷാമം - വി ശിവൻകുട്ടി

കേന്ദ്രീയ വിദ്യാലയങ്ങളിൽ പാഠപുസ്തകങ്ങൾ ലഭ്യമാക്കാൻ കേന്ദ്ര സർക്കാർ അടിയന്തിരമായി ഇടപെടണമെന്ന് മന്ത്രി വി. ശിവൻകുട്ടി ആവശ്യപ്പെട്ടു. പി എം ശ്രീ കേന്ദ്രീയ വിദ്യാലയങ്ങളിലെ അഞ്ച്, എട്ട് ക്ലാസുകളിലെ പുസ്തകങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിലാണ് മന്ത്രി ആവശ്യമുന്നയിച്ചത്.

***************************

## മറയൂർ ചന്ദവിത്ത് -മൗറീഷ്യസ് (ഇൻട്രോ)

മറയൂരിലെ ചന്ദന വിത്തുകൾ കടൽ കടന്ന് ഇനി മൗറിഷ്യസിൽ സുഗന്ധം പരത്തും. 1,000 കിലോ ചന്ദന വിത്തുകളാണ് മറയൂരിൽ നിന്നും മൗറിഷ്യസിലേക്ക് എത്തിച്ചത്. **ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്...**

(വോയിസ്)

***************************

## കരട് വോട്ടർ പട്ടിക

സംസ്ഥാനത്ത് തദ്ദേശസ്ഥാപനങ്ങളിലെ പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി വോട്ടർപട്ടിക പുതുക്കുന്നതിനുള്ള കരട് ഈ മാസം 23 നും അന്തിമപട്ടിക അടുത്ത മാസം 30 നും പ്രസിദ്ധീകരിക്കുമെന്ന് സംസ്ഥാന

RNU TVPM

തിരഞ്ഞെടുപ്പ് കമ്മീഷണർ. 2025 ലെ പൊതുതിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങൾ വിശദീകരിക്കുന്നതിനായി തിരുവനന്തപുരത്ത് നടത്തിയ രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു കമ്മീഷണർ. ത്രിതലപഞ്ചായത്തുകളിലും നഗരസഭകളിലും വോട്ടെടുപ്പിന് ഉപയോഗിക്കുന്ന ഇലക്ട്രോണിക് വോട്ടിങ് മെഷീനുകളുടെ ആദ്യഘട്ട പരിശോധന അടുത്ത മാസം 25 നകം പൂർത്തിയാക്കുമെന്നും കമ്മീഷൻ അറിയിച്ചു.

**************************

## റോഷി അഗസ്റ്റിൻ

കോട്ടയത്ത് തലയാഴം ഗ്രാമപഞ്ചായത്തിലെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങളുടെ നിർമാണോദ്ഘാടനം ഇന്ന് ഉച്ചയ്ക്കുശേഷം പള്ളിയാട് എസ്.എൻ.യു.പി സ്കൂളിൽ മന്ത്രി റോഷി അഗസ്റ്റിൻ നിർവഹിക്കും. ഗ്രാമപഞ്ചായത്ത് പരിധിയിലെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ജലസേചന വകുപ്പ് കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ആറുകോടി പത്തുലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്.

**************************

## മഴ

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഒമ്പത് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മലയോര മേഖലയിലേക്കുള്ള രാത്രി സഞ്ചാരം പൂർണമായി ഒഴിവാക്കണമെന്നും, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, സാധ്യതയുള്ള പ്രദേശങ്ങളിലുള്ളവർ സുരക്ഷിതമായ സ്ഥലത്തേക്ക് മാറി താമസിക്കണമെന്നും സംസ്ഥാന ദുരന്ത

RIU TVPM

നിവാരണ അതോറിറ്റി നിർദ്ദേശം നൽകി. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ തീരങ്ങളിൽ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരള- കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 22 വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി. ശക്തമായ കാറ്റിന് സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്. അപകടകരമായ രീതിയിൽ ജലനിരപ്പ് ഉയർന്നതിനെത്തുടർന്ന് തുടർന്ന് പത്തനംതിട്ട മണിമല, കാസർഗോഡ് മൊഗ്രാൽ നദികളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ഈ നദികളുടെ തീരത്തുള്ളവർ ജാഗ്രത പാലിക്കണമെന്ന് ജലസേചന വകുപ്പ് മുന്നറിയിപ്പ് നൽകി.

***************************

## പിന്നാക്ക വിഭാഗ കമ്മീഷൻ സിറ്റിംഗ്

PRD TVPM

കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ സിറ്റിംഗ് മറ്റന്നാൾ രാവിലെ 11 ന് തിരുവനന്തപുരം വെള്ളയമ്പലം അയ്യൻകാളി ഭവനിലുള്ള കമ്മീഷന്റെ കോർട്ട് ഹാളിൽ നടക്കും. ഒ.ബി.സി. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും, നിലവിൽ S E B C പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ സമുദായങ്ങളെ S E B C പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം, കേരളത്തിലെ ശൈവവെള്ളാള സമുദായത്തെ പൂർണ്ണമായും മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം, തുടങ്ങിയവ സിറ്റിംഗിൽ പരിഗണിക്കും.

***************************

## ചാന്ദ്രദിനം

ഇന്ന് അന്താരാഷ്ട്ര ചാന്ദ്രദിനം. 1969 ജൂലൈ 20 ന് മനുഷ്യർ ആദ്യമായി ചന്ദ്രനിൽ കാലുകുത്തിയ അപ്പോളോ 11 ദൗത്യത്തിന്റെ സ്മരണയ്ക്കായാണ് അന്താരാഷ്ട്ര ചാന്ദ്രദിനം ആചരിക്കുന്നത്. ദിനാഘോഷത്തിന്റെ ഭാഗമായി കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം, ആസ്ട്രാ കേരളയുമായി ചേർന്ന് നാളെ ആഘോഷ പരിപാടി സംഘടിപ്പിക്കും. കാലാവസ്ഥ അനുകൂലമാണെങ്കിൽ ടെലിസ്കോപ്പ് വഴി വാനനിരീക്ഷണത്തിനുള്ള സൗകര്യം ഒരുക്കും.

***************************

## ഷാർജ-അതുല്യ മരണം

ഷാർജയിൽ മലയാളി യുവതിയെ ഫ്ളാറ്റിൽ മരിച്ച നിലയിൽ കണ്ടെത്തി. കൊല്ലം തേവലക്കര തെക്കുംഭാഗം സ്വദേശിനി അതുല്യ ശേഖറാണ് മരിച്ചത്. സംഭവത്തിൽ ഭർത്താവ് സതീഷിനെതിരെ ചവറ തെക്കും ഭാഗം പോലീസ് കൊലപാതക കുറ്റം ചുമത്തി കേസെടുത്തു. ശാരീരിക പീഡനം, സ്ത്രീധന പീഡനം എന്നീ വകുപ്പുകൾ ചുമത്തി. അമ്മയുടെ മൊഴി പ്രകാരമാണ് കേസ്. മരണത്തിൽ ഷാർജ പൊലീസും അന്വേഷണം ആരംഭിച്ചു.

PRD TVPM

***************************

## നെടുമങ്ങാട് - ഷോക്കേറ്റ് അപകടം

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് പൊട്ടിവീണ വൈദ്യുത കമ്പിയിൽ നിന്ന് ഷോക്കേറ്റ് യുവാവ് മരിച്ചു. നെടുമങ്ങാട് പനയമുട്ടം സ്വദേശി അക്ഷയ് യാണ് മരിച്ചത്. മരം ഒടിഞ്ഞ് പോസ്റ്റിൽ വീണതിനെ തുടർന്നാണ് വൈദ്യുതി കമ്പി റോഡിലേക്ക് വീണത്.

**************************

## കെസിഎൽ-വി അബ്ദുറഹിമാൻ

കേരള ക്രിക്കറ്റ് ലീഗ് സീസൺ-2 വിന്റെ ഗ്രാന്റ് ലോഞ്ച് ഇന്ന് കായിക മന്ത്രി വി. അബ്ദുറഹ്മാൻ നിർവഹിക്കും. നിശാഗന്ധിയിൽ വൈകുന്നേരം 5.30 ന് നടക്കുന്ന ചടങ്ങിൽ കേരള ക്രിക്കറ്റ് ലീഗിന്റെ ഭാഗ്യചിഹ്നങ്ങളുടെ പ്രകാശനവും മന്ത്രി നിർവഹിക്കും. വിശിഷ്ടാതിഥികൾ ഉൾപ്പെടെ വൻ ജനാവലിയെ സാക്ഷിയാക്കിയാകും കെസിഎല്ലിന്റെ ഭാഗ്യചിഹ്നം പുറത്തിറക്കുക. ആരാധകർക്കായുള്ള ജേഴ്സിയുടെ പ്രകാശന കർമ്മം ക്രിക്കറ്റ് താരം സഞ്ജു സാംസണും സൽമാൻ നിസാറും ചേർന്ന് നിർവഹിക്കും.

**************************

## മത്സരം റദ്ദാക്കി

2025 ലെ വേൾഡ് ചാംപ്യൻഷിപ് ഓഫ് ലെജന്ഡ്സിന്റെ ഭാഗമായി ഇന്ന് ബിർമിങ്ഹാമിൽ നടക്കാനിരുന്ന ഇന്ത്യ - പാകിസ്ഥാൻ ക്രിക്കറ്റ് മത്സരം റദ്ദാക്കി. അതിർത്തി കടന്നുള്ള ഭീകരപ്രവർത്തനനത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള സംഘർഷങ്ങൾക്കിടയിൽ സംഘാടകർക്ക് വലിയ വിമർശനം നേരിടേണ്ടി വന്നതിനെത്തുടർന്നാണ് മത്സരം റദ്ദാക്കിയത്. ആരാധകരുടെ വികാരങ്ങളെ വ്രണപ്പെടുത്തിയതിനും ഇന്ത്യൻ ക്രിക്കറ്റ് ഇതിഹാസങ്ങൾക്ക് ഉണ്ടായ അസ്വസ്ഥതയ്ക്കും WCL ലീഗ് ക്ഷമ ചോദിച്ചു. സുരേഷ് റെയ്ന, ശിഖർ ധവാൻ തുടങ്ങിയ ഇന്ത്യൻ മുതിർന്ന താരങ്ങളും പാകിസ്ഥാനെതിരെ കളിക്കാൻ വിസമ്മതിച്ചു.

**************************

RNU TVPM

## സ്പന്ദനം-കാസർഗോഡ് (ഇൻട്രോ)

ആരോഗ്യരംഗത്ത് വീണ്ടും മാതൃകാപരമായ ഇടപെടലിന് ഒരുങ്ങുകയാണ് കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത്. സർക്കാർ ആയുർവേദ ആശുപത്രി കേന്ദ്രീകരിച്ച് ആരംഭിക്കുന്ന സ്പന്ദനം പദ്ധതിയിലൂടെ കുട്ടികൾക്ക് ആയുർവേദ ചികിത്സയും തെറാപ്പിയും നൽകുന്നതാണ് പുത്തൻ ചുവട് വെയ്പ്പ്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി. ജഗന്നിവാസൻ**

(വോയിസ്)

***************************

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 27 ന് രാവിലെ 11 മണിക്ക് പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 124 -ാം പതിപ്പാണിത്. പൊതുജനങ്ങൾക്ക് നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലും ഈ മാസം 25 വരെ അഭിപ്രായങ്ങളും ആശയങ്ങളും അറിയിക്കാവുന്നതാണ്.

***************************

## സർവീസ് നിർത്തിവെച്ചു

കോഴിക്കോട് - കുറ്റ്യാടി റൂട്ടിൽ ബസ് സർവീസ് നിർത്തിവെച്ചു. പേരാമ്പ്രയിൽ സ്കൂട്ടറിൽ സ്വകാര്യ ബസിടിച്ചു കോളേജ് വിദ്യാർഥി മരിക്കാനിടയായ സംഭവത്തിൽ നാട്ടുകാരുടെ

PNU TVPM

പ്രതിഷേധത്തെ തുടർന്നാണ് നടപടി. മരുതോങ്കര സ്വദേശി ജവാദാണ് മരിച്ചത്. ഇന്നലെ വൈകിട്ടായിരുന്നു അപകടം.

***************************

## കോഴിക്കോട്-കാട്ടാന

കോഴിക്കോട് കൂടരഞ്ഞി പുവാറൻ തോട് തമ്പുരാൻ കൊല്ലിയിൽ ജനവാസ മേഖലയിൽ കാട്ടാന ഇറങ്ങി. ഇന്ന് പുലർച്ചെയാണ് സംഭവം. കൃഷി നശിപ്പിച്ചു. കമുകിൻ കൃഷിയും മാങ്കോസ്റ്റിൻ മരങ്ങളും സുരക്ഷാ വേലികളും കാട്ടാന തകർത്തതായി ഗ്രാമപഞ്ചായത്ത് അധികൃതർ പറഞ്ഞു.

*

************

**************************************

RNU TVPM